# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6048**      **28.10.2011 ന് മറുപടിയ്ക്ക്**

**സപ്ലൈകോ ചില്ലറ വില്പനശാലകളുടെ ആധുനികവൽക്കരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>" എം.എ. വാഹിദ്<br>" ഐ.സി. ബാലകൃഷ്ണൻ | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അംഗീകൃത ചില്ലറ വില്പനശാലകളുടെ ആധുനിക വൽക്കരണത്തിന് സപ്ലൈകോ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (എ) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വിൽപ്പനശാലകളുടെ ആധുനികവൽക്കരണത്തിന് സപ്ലൈകോ താഴെപ്പറയുന്ന നടപടികളെടുത്തിട്ടുണ്ട്.<br>1. ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പന ശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. ഗുണനിലവാരം ഉറപ്പാക്കിയ വസ്തുക്കൾ മാത്രം വിൽപ്പന നടത്താനമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധന വിഭാഗങ്ങളുടെയും വിജിലൻസ് സ്ക്വാഡുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി.<br>3. കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്നതും കൂടുതൽ വിൽപ്പനസാദ്ധ്യതയുള്ളതുമായ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിച്ചു.<br>4. എല്ലാ വിൽപ്പനശാലകളിലും കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തി. ഓരോ സാധനങ്ങൾക്കും ബാർകോഡിംഗ് ഉള്ളതിനാൽ ഉപഭോക്താക്കൾക്ക് വേഗത്തിൽ ബിൽ നൽകി സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നു. |

5. വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിനു നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി.

6. ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ മനസ്സിലാക്കിക്കൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. എല്ലാ വിൽപ്പനശാലകൾക്കും നവീകരിച്ച ബോർഡുകൾ സ്ഥാപിക്കുകയും പെയിന്റിംഗ് നടത്തി മോടിപിടിപ്പിച്ച് ആകർഷകമാക്കാനുള്ള നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്.

8. സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റ് തുടങ്ങിയ വിൽപ്പനശാലകളിൽ ആധുനിക സൗകര്യങ്ങളായ ട്രോളി, ആധുനിക റാക്കുകൾ എന്നിവ ഏർപ്പെടുത്തി ആകർഷകമാക്കി.

9. എല്ലാ വിൽപ്പനശാലകളിലും സാധനങ്ങൾ തൂക്കി നൽകാൻ ഇലക്ട്രോണിക് ത്രാസുകൾ ഏർപ്പെടുത്തി.

10. സൂപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി.

11. സാധാരണക്കാർക്ക് അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്കരിച്ചു. 50% വരെ വിലക്കുറവിൽ അവശ്യസാധനങ്ങളും MRP യെക്കാൾ 10% വരെ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു.

12. വിൽപ്പനശാലകളും താലൂക്ക് ഡിപ്പോകളും റീജിയണൽ/ ഹെഡാഫീസും തമ്മിൽ ഇന്റർനെറ്റ് കണക്ഷൻ വഴി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ വിൽപ്പന ശാലകളുടെയും ഡിപ്പോകളുടെയും പ്രവർത്തനം തത്സമയം അവലോകനം ചെയ്യാൻ കഴിയുന്നു.

13. ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതുവഴി എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

14. കഴിഞ്ഞ 3 മാസത്തെ ശരാശരി വില്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പുവരുത്തുന്നു. പർച്ചേസിന്റെ കാര്യക്ഷമത ഇൻവെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

15. കർശനമായ ധനകാര്യമാനേജ്മെന്റ് ഏർപ്പെടുത്തി. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുക വഴി ആഡിറ്റ് സംവിധാനം കൃത്യമായ രീതിയിൽ ശക്തിപ്പെടുത്തി. വിൽപനയും കണക്കും ഒത്തുനോക്കൽ, ശാസ്ത്രീയമായ ഇൻവെന്ററി സംവിധാനം.പർച്ചേസ് മാനേജ്മെന്റ് സംവിധാനം. നൂതന ശാസ്ത്രീയ വില നിർണ്ണയം, ഡിപ്പോകൾ ലാഭകേന്ദ്രങ്ങളാക്കിയത്, ഓരോ ഡിപ്പോകളും പ്രത്യേക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, കൃത്യമായ ധനവിനിയോഗം എന്നിവ കൊണ്ട് അഴിമതി രഹിതമായ ഒരു പ്രവർത്തന അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു.

16. പൊതുജനങ്ങളുടെ സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ/ പീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| ബി) പ്രസ്തുത ചില്ലറ വില്പനശാലകൾ പൊതുജന സൗഹാർദ്ദപരമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) നടപടികൾ സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (സി) ആകർഷകമായ നെയിം ബോർഡും സാധനങ്ങളുടെ സ്റ്റോക്ക് വിവരങ്ങളും വിലയും സംബന്ധിക്കുന്ന ബോർഡുകളും എല്ലാ വില്പന ശാലകളിലും സ്ഥാപിക്കാൻ നടപടിയെടുക്കുമോ; | (സി) ആകർഷകമായ നെയിം ബോർഡും വിലവിവരപ്പട്ടികയും വില്പനശാലകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം തന്നെ എടുത്തിട്ടുണ്ട്. |
| (ഡി) തൂക്കത്തിനും ബില്ലിംഗിനും ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കുമോ? | (ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വില്പനശാലകളിൽ കമ്പ്യൂട്ടർ ബില്ലിംഗ് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. സാധനങ്ങൾ തൂക്കി നൽകുന്നതിനായി ഇലക്ട്രോണിക് ത്രാസും ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ